## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2131          **26.03.2013**- ലെ മറുപടിക്ക്

## കാർഷിക വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

എ) സഹകരണ മേഖലയിൽ കാർഷിക വായ്പകൾ ഏതെല്ലാം ബാങ്കുകളാണ് നൽകുന്നത്;

(എ) കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ വഴി കാർഷിക വായ്പകൾ നൽകി വരുന്നുണ്ട്. കുടിശ്ശിക കാരണവും പ്രവർത്തന രഹിതവുമായ കാരണങ്ങളാൽ ജില്ലാ സഹകരണ ബാങ്കിൽ നിന്നും കാർഷിക വായ്പ ലഭ്യമാകാത്ത പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലെ അംഗങ്ങൾക്ക് വായ്പ ലഭ്യമാക്കു ന്നതിന് ടി പ്രദേശത്തെ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ മുഖേന കാർഷിക വായ്പകൾ നൽകുന്നതിനും ശാഖകൾ ഇല്ലാത്ത പക്ഷം പുതുതായി ശാഖകൾ ആരംഭിച്ച് കാർഷിക വായ്പകൾ നൽകുന്നതിനും നിർദ്ദേശം നിലവിലുണ്ട്.

ബി) ആകെ വായ്പയിൽ നിശ്ചിത ശതമാനം കാർഷിക വായ്പയായിരിക്കണമെന്ന് നിബന്ധനയുണ്ടോ;

(ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പസഹകരണ സംഘങ്ങൾ /ബാങ്കുകൾ എന്നിവ ഓരോവർഷവും നൽകുന്ന മൊത്തം വായ്പയുടെ 40 ശതമാനം കാർഷിക വായ്പയായി വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം തിരിച്ചടവ് കുറയുന്നത് ഇതര വായ്പകൾ നൽകുന്നതിന് തടസ്സ മാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം പലിശ യിനത്തിൽ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കി യിട്ടുണ്ടോ; | (ഡി) | ഇല്ല |
| ഇ) | എങ്കിൽ പ്രസ്തുത തുക കാലതാമസം കൂടാതെ ബാങ്കുകൾക്ക് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ